എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം

നം. സി.എ./ഇ.സി–74/2018

തീയതി 01–08–2018

**സർക്കുലർ**

വിഷയം:– എക്സൈസിലെ ഉന്നത റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ എക്സൈസ് കമ്മീഷണറേറ്റിലേയ്ക്കുള്ള സന്ദർശനം–സംബന്ധിച്ച്

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള പല ഉദ്യോഗസ്ഥൻമാരും എക്സൈസ് കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ പലപ്പോഴും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ മീറ്റിങ്ങ് തുടങ്ങിയ ആവശ്യങ്ങൾക്കായി വരുന്നതായി കാണുന്നു. ഉദാഹരണമായി 24–07–2018 ന് പ്ലാൻ ഫണ്ടിന്റെ ചെറിയ ഒരു അവലോകനത്തിന് SEARC പ്രിൻസിപ്പാൾ വരേണ്ട ഒരു സംഭവമുണ്ടായി. ഭാവിയിൽ എക്സൈസ് കമ്മീഷണറുടെ അനുവാദമില്ലാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർ അവരുടെ അധികാര പരിധി വിട്ട് എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ വരാൻ പാടില്ലാത്തതാണ്. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ഔദ്യോഗികമായി വരേണ്ട അവസരത്തിൽ അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ ആണെങ്കിൽ അഡീഷണൽ കമ്മീഷണർ (ഭരണം) മുഖേന എക്സൈസ് കമ്മീഷണറുടെ അനുവാദം എടുക്കേണ്ടതും എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആണെങ്കിൽ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) മുഖേന എക്സൈസ് കമ്മീഷണറുടെ അനുവാദം എടുത്ത് എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ വരേണ്ടതാണ്.

വിശ്വസ്തതയോടെ

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ

ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം)
അസ്സിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)

Copy to:-

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)